**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**
**ചോദ്യം നമ്പർ. 598** **28/09/2016-ൽ മറുപടിയ്ക്ക്.**

**പാലിന്റെ ഗുണമേന്മ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.വിൻസെന്റ്<br>ശ്രീ.വി.എസ്. ശിവകുമാർ<br>ശ്രീ.വി.ഡി സതീശൻ<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | ക്ഷീരവികസന വകുപ്പിന്റെ കീഴിൽ National Accreditation Board for Testing and Calibration Laboratories അക്രിഡിറ്റേഷനോടു കൂടിയ സ്റ്റേറ്റ് ഡയറി ലാബ് തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്നു. എല്ലാ ജില്ലാ ആസ്ഥാനത്തും ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ കീഴിൽ 14 ലാബുകൾ പ്രവർത്തിക്കുന്നു. ഈ ലാബുകളിൽ പാലിന്റെ പോഷകമൂല്യം, പ്രിസർവേറ്റീവ്സ്, മായം ചേർക്കൽ, രാസഘടന, സൂക്ഷ്മാണുക്കൾ, ആന്റിബയോട്ടിക്കുകൾ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്.അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം,കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. |
| (ബി) | ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാല് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ ; | (ബി) | ചെക്ക് പോസ്റ്റുകളിൽ പാൽഗുണമേന്മ പരിശോധിയ്ക്കാൻ സ്ഥിരമായി സംവിധാനമില്ല. ഓണക്കാലത്ത് മാത്രം കേരളത്തിലേയ്ക്ക് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് പാറശ്ശാല, ആര്യങ്കാവ്, കുമിളി, വാളയാർ മീനാക്ഷിപുരം എന്നീ 5 ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിരുന്നു. |

| | |
|---|---|
| (സി) പാലിന്റെ ഗുണമേന്മ പരിശോധന ശക്തമാക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ? | (സി) സംസ്ഥാനത്ത് 14 ജില്ലാ ആസ്ഥാനങ്ങളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ മുഖേന മാർക്കറ്റ് സാമ്പിളുകൾ സ്ഥിരമായി പരിശോധിച്ചു വരുന്നു. പൊതു ജനങ്ങൾക്ക് അവർ ഉപയോഗിക്കുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ലാബുകളിൽ സംവിധാനം നിലവിലുണ്ട്. പ്രാഥമിക ക്ഷീര സംഘങ്ങളിൽ സംഭരിയ്ക്കുന്ന പാലിന്റെ ഗുണമേന്മ എല്ലാ ദിവസങ്ങളിലും പരിശോധിച്ച് ഉറപ്പ് വരുത്തുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന പാലിന്റെ ഉൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലെ അനലറ്റിക്കൽ ലാബിൽ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ.